കബർ വണങ്ങാൻ ഗജ വീരന്മാർ; കന്നി 20 പെരുന്നാൾ കൊടിയിറങ്ങി

കോതമംഗലം: കന്നി 20 പെരുന്നാൾ കൊടിയിറങ്ങി. പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവയുടെ കബർ വണങ്ങി ഗജവീരന്മാർ. ആയിരക്കണക്കിന് വിശ്വാസികളെ സാക്ഷിയാക്കി പതിവ് തെറ്റാതെ യൽദോ ബാവയുടെ കബർ വണങ്ങാൻ കാളിയാർമഠം ശേഖരൻ, കരിമണ്ണൂർ ഉണ്ണി തുടങ്ങിയ ഗജവീരന്മാർ എത്തിച്ചേർന്നു. കഴിഞ്ഞ ദിവസം ഗജവീരൻ പാമ്പാടി രാജൻ കബർ വണങ്ങാൻ പള്ളിയിൽ എത്തിയിരുന്നു.

ഡോ. ഏലിയാസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ അപ്രേം മെത്രാപ്പോലീത്തമാർ, ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ്, കോതമംഗലം എം.എൽ.എ. ഷിബു തെക്കുംപുറം, മുൻ എം.എൽ.എ. ആന്റണി ജോൺ, ജന പ്രതിനിധികൾ, വികാരി ഫാ. സാജു ജോർജ് കുരിക്കപ്പിള്ളി, സഹവികാരിമാർ, തന്നാണ്ട് ട്രസ്റ്റിമാരായ ബേബി പാറേക്കര, ബിനോയ് മണ്ണഞ്ചേരി, വർക്കിങ്ങ് കമ്മിറ്റിയംഗങ്ങൾ, മാനേജിങ് കമ്മിറ്റിയംഗങ്ങൾ എന്നിവർ ചേർന്ന് ഗജവീരന്മാരെ സ്വീകരിച്ച് ശർക്കരയും പഴവും നൽകി.

ഇന്നലെ രാവിലെ അർപ്പിക്കപ്പെട്ട ആദ്യത്തെ വിശുദ്ധ കുർബാനക്ക് ഹൈറേഞ്ച് മേഖല മെത്രാപ്പോലീത്ത ഡോ. ഏലിയാസ് മാർ അത്താനാസ്യോസ് കാർമികത്വം വഹിച്ചു. രണ്ടാമത്തെ വിശുദ്ധ മൂന്നിന്മേൽ കുർബാനക്ക് പെരുമ്പാവൂർ മേഖല മെത്രാപ്പോലീത്ത മാത്യൂസ് മാർ അപ്രേം പ്രധാന കാർമികത്വം വഹിച്ചു. പള്ളിയിൽ ലഭിച്ച ഉത്പന്ന വസ്തുക്കളുടെ ലേലം വിശുദ്ധ കുർബാനാനന്തരം നടത്തപ്പെട്ടു.

കന്നി 20 പെരുന്നാളിന്റെ സമാപനം കുറിച്ച് വൈകിട്ട് 4 ന് വികാരി ഫാ. സാജു ജോർജ് കുരിക്കപ്പിള്ളി കൊടിയിറക്കി. പെരുന്നാൾ ചടങ്ങിനോട് അനുബന്ധിച്ച് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി വികാരി അറിയിച്ചു.

പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചെങ്കിലും ഭക്തജനങ്ങളുടെ നിലക്കാത്ത പ്രവാഹം തുടരുകയാണ്. വരുന്ന ഒരാഴ്ചകൂടി നീണ്ടു നിൽക്കുന്ന വൈദ്യുത ദീപാലങ്കാരം പള്ളിയെയും കോതമംഗലം പരിസരത്തെയും ഉത്സവ ലഹരിയിൽ നിലനിർത്തും.

17 വർഷം മുമ്പ്കാണാതായ യുവാവിനെ പോലീസ് കണ്ടെത്തി

മരട്: പനങ്ങാട് നിന്നും 2009 ൽ വീട് വിട്ടിറങ്ങിയാളെ പോലീസ് കണ്ടെത്തി കുടുംബത്തിന് കൈമാറി. പനങ്ങാട് ഭജന മഠം സ്റ്റോപ്പിന് സമീപം പുത്തൻകളത്തിൽ ദേവന്റെ മകൻ രാജീവ് കുമാറാണ് വീട് ഉപേക്ഷിച്ച് പോയത്. പട്ടാളക്കാരനായ അച്ഛന്റെ കർക്കശ സ്വഭാവത്തോട് പൊരുത്തപ്പെടാനാകാതെ 2009 ൽ വീട് വിട്ടിറങ്ങുകയായിരുന്നു.

● പരാതി നൽകാൻ പ്രേരണയായത് സ്വത്ത് വിഭജനം

കുടുംബത്തിലെ മൂന്ന് മക്കളിൽ ഒരാളായ രാജീവ് കുമാറിനെ (44) സ്വത്ത് വീതം വെക്കുന്നതിനായി കണ്ടെത്തേണ്ടതുണ്ട് എന്ന ബോധ്യമാണ് പതിനേഴ് വർഷങ്ങൾക്ക് ശേഷം പരാതി കൊടുക്കാൻ വീട്ടുകാരെ പ്രേരിപ്പിച്ചത്. വീട് വിട്ട ശേഷം പിന്നീട് വീട്ടുകാരുമായും സുഹൃത്തുകളുമായും ഇയാൾക്ക് യാതൊരു ബന്ധവുമുണ്ടായില്ല. സീലിങ്ങ് ജോലികൾ ചെയ്ത് ഇയാൾ വളപട്ടണം, ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ കഴിയുകയായിരുന്നു. 2024 ൽ നാട്ടിൽ തിരിച്ചെത്തി കളമശ്ശേരിയിലെ ലോഡ്ജിൽ താമസിച്ച് വരികയായിരുന്നു. 2015 ൽ അച്ഛൻ ദേവൻ മരിച്ചു. തുടർന്ന് അടുത്തിടെ സ്വത്ത് വീതം വെക്കുന്ന കാര്യങ്ങളുമായി മുന്നോട്ട് പോയപ്പോഴാണ് ഇളയ മകനായ രാജീവ് കുമാറിന്റെ ആവശ്യം ബോധ്യമായത്.

അമ്മ ലീലാമ്മ പനങ്ങാട് പോലീസിൽ ആളെ കാണാനില്ല എന്ന് കാണിച്ച് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. പനങ്ങാട് പോലീസ് സ്റ്റേഷൻ എസ് ഐ മിഥുൻ മോഹൻ, സീനിയർ സി പി ഒ ജസ്റ്റിൻ, സി പി ഒ പ്രശാന്ത് എന്നിവരുടെ സംഘമാണ് രാജീവ് കുമാറിനെ കണ്ടെത്തിയത്.

കെ.എസ്.ആർ.ടി.സി. വികസന പാതയിൽ: മുഖ്യമന്ത്രി വി.ഡി. സതീശൻ

● പറവൂരിൽ നിന്ന് 7 പുതിയ സർവീസുകൾക്ക് തുടക്കം

■ പറവൂരിൽ നിന്നാരംഭിക്കുന്ന പുതിയ കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിക്കുന്നു.

പറവൂർ: കെ.എസ്.ആർ.ടി.സിയെ കൂടുതൽ ആധുനിക സൗകര്യങ്ങളോടെ പ്രഫഷണലായി മാറ്റുകയും സമഗ്ര വികസനത്തിന്റെ പാതയിലേക്ക് നയിക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. നോർത്ത് പറവൂർ യൂണിറ്റിൽ നിന്നും വിവിധ മേഖലകളിലേക്ക് പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 7 പുതിയ കെ.എസ്.ആർ.ടി.സി സർവീസുകളുടെ ഫ്ളാഗ്ഓഫും പുതിയ ബസ് കാത്തിരിപ്പു കേന്ദ്രത്തിന്റെ നിർമ്മാണ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചാത്തനാട്,തത്തപ്പള്ളി, ഗോതുരുത്ത്, പുത്തൻവേലിക്കര നിവാസികൾക്ക് കളമശ്ശേരി മെഡിക്കൽ കോളജ്, ആലുവ, എറണാകുളം, തൃപ്പൂണിത്തുറ ഭാഗങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാനായി അഞ്ച് പുതിയ പ്രിയദർശിനി ഓർഡിനറി ബസുകൾ ഫ്ളാഗ് ഓഫ് ചെയ്തു. ഇതിനുപുറമേ, മൈസൂരിലേക്ക് രണ്ട് പുതിയ ട്രിപ്പുകളും ആരംഭിച്ചിട്ടുണ്ട്. രാവിലെ 5.30 ന് പുറപ്പെട്ട് ഉച്ചയ്ക്ക് 3.30 നും, ഉച്ചയ്ക്ക് 12.30ന് പുറപ്പെട്ട് രാത്രി 10 .30 ന് മൈസൂരിൽ എത്തുന്ന രീതിയിലാണ് സമയം ക്രമീകരിച്ചിരിക്കുന്നത്. തൃശൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്ന് മികച്ച ബുക്കിംഗാണ് ഈ സർവീസുകൾക്ക് ലഭിക്കുന്നത്.

23 ന് അന്തർസംസ്ഥാന സർവ്വീസായ പളനി, മധുര എന്നിവിടങ്ങളിലേക്ക് പുതിയ ബസ് സർവീസുകൾ ആരംഭിക്കും. 31 ന് വേളാങ്കണ്ണിയിലേക്ക് സർവീസ് ആരംഭിക്കും.

പറവൂരിൽ നിന്നും എയർപോർട്ട് വഴി ഫ്ലൈറ്റിൽ ലക്ഷദ്വീപിലെത്തിച്ച് താമസവും ഭക്ഷണവും നൽകി തിരിച്ചെത്തിക്കുന്ന ലക്ഷദ്വീപ് ടൂറിസം പാക്കേജും തയ്യാറാക്കിയിട്ടുണ്ട്. നവംബർ 4-ലെ ആദ്യ ബാച്ച് പൂർണ്ണമായി ബുക്ക് ചെയ്യപ്പെട്ടു കഴിഞ്ഞു; അടുത്ത ബാച്ച് ജനുവരി മൂന്നിന് ആരംഭിക്കും.

പറവൂർ കെ.എസ്.ആർ.ടി. സി സ്റ്റാൻഡിനായി നാലു കോടി രൂപ ചെലവിൽ 5000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആദ്യഘട്ട ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം ഉടൻ പൂർത്തിയാകും.

തുടർന്ന് രണ്ടാം നിലയുടെ നിർമ്മാണത്തിനായി തുക അനുവദിക്കുകയും ആകെ 10 കോടി രൂപ ചെലവിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടം യാഥാർഥ്യമാക്കുകയും ചെയ്യും. കൂടാതെ യാത്രക്കാർക്കായി എയർ കണ്ടീഷൻ ചെയ്ത പ്രത്യേക കാത്തിരിപ്പ് കേന്ദ്രത്തിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. കെ.എസ്.ആർ.ടി.സിക്ക് പുതിയ ബസുകൾ വാങ്ങി നൽകാൻ സ്വകാര്യ വ്യക്തികളും സന്നദ്ധരായി മുന്നോട്ടുവരുന്നുണ്ട്.

40 ലക്ഷം രൂപ വീതം നൽകി മൂന്നുപേർ ഇതിനോടകം ബസുകൾ വാങ്ങിനൽകിയതായും, നവ്യ ബേക്കറി ഉടമ ഉൾപ്പെടെയുള്ളവർ പുതിയ ബസുകൾ നൽകാൻ താല്പര്യം അറിയിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കൂടാതെ എം.എൽ.എ ഫണ്ടിൽ നിന്നും ബസുകൾ നൽകാൻ 33 എം.എൽ.എമാർ അനുമതി നൽകിയിട്ടുണ്ടെന്നും, പൊതുജനങ്ങളുടെ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

നോർത്ത് പറവൂർ നഗരസഭ ചെയർമാൻ രമേഷ് ഡി. കുറുപ്പിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ കെ.എസ്.ആർ.ടി. സി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. പി. എസ്. പ്രമോജ് ശങ്കർ,നഗരസഭാ വൈസ് ചെയർപേഴ്സൺ ഷെർലി ബെനറ്റ്, വാർഡ് കൗൺസിലർ നന്ദിനി രമേഷ്, കെ. തുടങ്ങിയവർ പങ്കെടുത്തു.

ജലഗതാഗത വകുപ്പിന്റെ ടൂറിസം ബോട്ട് സർവീസ് ഉദ്ഘാടനം ഇന്ന്

കൊച്ചി: സംസ്ഥാന സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജലഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ ടൂറിസം ബോട്ട് സർവീസ് ആരംഭിക്കുന്നു. സർവീസിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് എറണാകുളം ബോട്ട് ജെട്ടിയിൽ നടക്കുന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ നിർവഹിക്കും. 30 പേർക്ക് സഞ്ചരിക്കാവുന്ന പരിസ്ഥിതി സൗഹൃദമായ സൗര 2 എന്ന സോളാർ ബോട്ട് ഉപയോഗിച്ച് രണ്ട് ടൂറിസം സർവീസുകളാണ് ആരംഭിക്കുന്നത്. എറണാകുളം ബോട്ട് ജെട്ടിയിൽ നിന്നും തുടങ്ങി മറൈൻഡ്രൈവ്, വല്ലാർപാടം ദ്വീപ്, ഫോർട്ട്കൊച്ചി ഭാഗങ്ങൾ സന്ദർശിക്കാൻ രാവിലെ 10 മണിക്ക് തുടങ്ങുന്ന ഒരു സർവീസും കായൽ കാഴ്ചകളും കടമക്കുടിയിലെ സൂര്യാസ്തമയ കാഴ്ചകളും ആസ്വദിക്കാവുന്ന തരത്തിൽ ഉച്ചയ്ക്ക് 2.30-ന് ആരംഭിക്കുന്ന വേറൊരു സർവീസുമാണ് ഇപ്പോൾ ആരംഭിക്കുക.

ചടങ്ങിൽ ടി. ജെ. വിനോദ് എംഎൽഎ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എംപി ആദ്യ ടിക്കറ്റ് വിതരണം നിർവഹിക്കും. എം.എൽ.എ. മാരായ ടോണി ചമ്മിണി, മുഹമ്മദ് ഷിയാസ്, കൊച്ചി മേയർ അഡ്വ. വി.കെ.മിനിമോൾ, ജില്ലാ കളക്ടർ ജി. പ്രിയങ്ക എന്നിവർ മുഖ്യാതിഥികളാകും.

● കുസാറ്റ് കാമ്പസിൽ

സുരക്ഷാവീഴ്ച്ചയും അനധികൃത താമസവും; നടപടി വേണമെന്ന ആവശ്യം ശക്തം

■ കുസാറ്റ് കാമ്പസിനുള്ളിലെ സഹാറ ഹോസ്റ്റൽ.

കളമശേരി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ക്യാമ്പസിലും ഹോസ്റ്റലുകളിലും അനധികൃത താമസവും സുരക്ഷാവീഴ്ചകളും വർധിക്കുന്നത് വിദ്യാർഥികളുടെ പഠനാന്തരീക്ഷത്തെയും സുരക്ഷിതത്വത്തെയും ഗുരുതരമായി ബാധിക്കുന്നു.

പഠനം പൂർത്തിയാക്കിയവരും പരീക്ഷകളിൽ പരാജയപ്പെട്ടവരുമായ പൂർവവിദ്യാർഥികൾ വർഷങ്ങളായി കാമ്പസിലും ഹോസ്റ്റലുകളിലും തമ്പടിക്കുന്നതാണ് പ്രധാന പ്രശ്നം. ഇത്തരക്കാരുടെ സാന്നിധ്യം കാരണം അർഹരായ യഥാർഥ വിദ്യാർഥികൾക്ക് ഹോസ്റ്റൽ മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിഷേധിക്കപ്പെടുകയാണ്.

കാമ്പസിനുള്ളിൽ വിദ്യാർഥികൾക്ക് തിരിച്ചറിയൽ കാർഡുകൾ നിർബന്ധമല്ലാത്തതിനാൽ യഥാർഥ വിദ്യാർഥികളെയും പുറത്തുനിന്നുള്ളവരെയും തിരിച്ചറിയാൻ സാധിക്കുന്നില്ല. കൃത്യമായ സുരക്ഷാ പരിശോധനകളോ രേഖപ്പെടുത്തലുകളോ ഇല്ലാത്തത് പുറത്തുനിന്നുള്ളവർക്ക് ഹോസ്റ്റലുകളിലേക്കും ക്യാമ്പസിലേക്കും എളുപ്പത്തിൽ കടന്നുകൂടാൻ വഴിയൊരുക്കുന്നു.

തകർന്നുകിടക്കുന്ന ഹോസ്റ്റൽ അതിരുമതിലുകൾ മയക്കുമരുന്ന് മാഫിയകളുടെ വിഹാരകേന്ദ്രമായി മാറുകയാണെന്നും ആക്ഷേപമുണ്ട്.

വാഹന നിയമലംഘനങ്ങളും ക്യാമ്പസിൽ പതിവായിരിക്കുകയാണ്. ഇൻഷുറൻസോ നമ്പർ പ്ലേറ്റോ മറ്റ് കൃത്യമായ രേഖകളോ ഇല്ലാത്ത നിരവധിയായ ഇരുചക്രവാഹനങ്ങളാണ് ക്യാമ്പസിനുള്ളിലൂടെ പായുന്നത്. ഹെൽമറ്റില്ലാതെയുള്ള യാത്രയ്ക്ക് പുറമെ ഒന്നിലധികം ആളുകളെ കയറ്റിയുള്ള അപകടകരമായ ഡ്രൈവിംഗും ഇവിടെ സാധാരണമാണ്. എന്നാൽ വിദ്യാർഥി രാഷ്ട്രീയ സ്വാധീനം കാരണം പോലീസോ മോട്ടോർ വാഹന വകുപ്പോ ക്യാമ്പസിനുള്ളിൽ കാര്യക്ഷമമായ പരിശോധനകൾ നടത്തുന്നില്ലെന്ന് വിദ്യാർഥികളും രക്ഷിതാക്കളും ആരോപിക്കുന്നു.

ഈ സാഹചര്യത്തിൽ സർവകലാശാല അധികൃതരും പോലീസും സംയുക്തമായി പരിശോധന നടത്തി ഹോസ്റ്റലുകളിൽ നിന്ന് അനധികൃത താമസക്കാരെ അടിയന്തരമായി പുറത്താക്കണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്. അനധികൃത പ്രവേശനം തടയാൻ പ്രവേശന കവാടങ്ങളിൽ പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുക, തകർന്ന മതിൽക്കെട്ടുകൾ പുനർനിർമ്മിക്കുക, വിദ്യാർത്ഥികൾക്ക് ഐഡി കാർഡ് നിർബന്ധമാക്കുക എന്നിവയാണ് പ്രധാന നിർദേശങ്ങൾ. കൂടാതെ, രാത്രി 10 മണിക്ക് ശേഷം അനാവശ്യമായി ചുറ്റിക്കറങ്ങുന്നവരെ ചോദ്യം ചെയ്യാനും വാഹനങ്ങൾക്ക് യൂണിവേഴ്സിറ്റി സ്റ്റിക്കറുകൾ നിർബന്ധമാക്കാനും നടപടി വേണം.

രേഖകളില്ലാത്ത വാഹനങ്ങൾ പോലീസ് പിടിച്ചെടുക്കണമെന്നും കാമ്പസിലെ ആഘോഷങ്ങളിൽ പോലീസ് സാന്നിധ്യവും സിസിടിവി നിരീക്ഷണവും ഉറപ്പാക്കണമെന്നും നാട്ടുകാരും ആവശ്യപ്പെടുന്നു.

മുൻപും കാമ്പസിലെ അച്ചടക്കലംഘനങ്ങൾക്കെതിരെ കർശന നടപടികൾ ഉണ്ടായിട്ടുണ്ട്. 2015-ൽ റാഗിംഗ് തടയുന്നതിനും അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിനും അന്നത്തെ വൈസ് ചാൻസലർ നേരിട്ടെത്തി നടപടിയെടുത്തിരുന്നു. 2019-ൽ വിദ്യാർഥി സംഘർഷത്തെ തുടർന്ന് പോലീസിന്റെ സഹായത്തോടെ കൂട്ട ഒഴിപ്പിക്കൽ നടത്തുകയും കുറ്റക്കാർക്കെതിരെ കേസെടുക്കുകയും ചെയ്തിരുന്നു. 2022-ൽ സഹാറ ഹോസ്റ്റലിലെ സംഘർഷത്തെ തുടർന്ന് മുറിക്ക് തീയിട്ട സംഭവത്തിലും സർവകലാശാല നടപടിയെടുത്തിരുന്നു.

കഴിഞ്ഞ ദിവസങ്ങളിലും സഹാറ ഹോസ്റ്റലിൽ സമാനമായ പ്രശ്നങ്ങൾ ഉണ്ടായ പശ്ചാത്തലത്തിൽ, വിദ്യാർഥികളുടെ സുരക്ഷ മുൻനിർത്തി അധികൃതർ ഉടനടി ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഉയരുന്ന ആവശ്യം.

THIS IS A PUBLIC ANNOUNCEMENT FOR INFORMATION PURPOSES ONLY AND IS NOT A PROSPECTUS ANNOUNCEMENT AND DOES NOT CONSTITUTE AN INVITATION OR OFFER TO ACQUIRE, PURCHASE OR SUBSCRIBE TO SECURITIES. THIS PUBLIC ANNOUNCEMENT IS NOT INTENDED FOR PUBLICATION OR DISTRIBUTION, DIRECTLY OR INDIRECTLY OUTSIDE INDIA.

THE ISSUE IS BEING MADE IN ACCORDANCE WITH CHAPTER IX OF THE SEBI (ISSUE OF CAPITAL AND DISCLOSURE REQUIREMENTS) REGULATIONS, 2018, AS AMENDED ("SEBI ICDR REGULATIONS") AND THE EQUITY SHARES ARE PROPOSED TO BE LISTED ON SME PLATFORM OF NATIONAL STOCK EXCHANGE OF INDIA LIMITED ("NSE EMERGE")

PUBLIC ANNOUNCEMENT

(Please scan this QR code to view DRHP and Draft Abridged Prospectus)

DIGITAL DEVICES LTD

ALPS DIGITAL DEVICES LIMITED

(Formerly known as Alps Digital Devices Private Limited and Alps Distributors Private Limited)

CIN: U51909KL2014PLC036043

Our Company was originally incorporated as a Private Limited Company in the name 'Alps Distributors Private Limited', under the provisions of the Companies Act, 1956 vide Certificate of Incorporation dated January 31, 2014, issued by the Registrar of Companies, Kerala and Lakshadweep bearing CIN: U51909KL2014PTC036043. Further the name of our Company was changed from "Alps Distributors Private Limited" to "Alps Digital Devices Private Limited" vide special resolution passed by the Shareholders at the Extra Ordinary General Meeting held on April 09, 2026, and a Fresh Certificate of Incorporation consequent to name change was issued on April 30, 2026, by Registrar of Companies, Central Processing Centre to reflect the current business activities of our Company. Subsequently, pursuant to a special resolution passed by the shareholders of our company in the Extra-Ordinary General Meeting held on May 04, 2026, our Company was converted from a Private Limited Company to Public Limited Company and consequently, the name of our Company was changed to 'Alps Digital Devices Limited' and a Fresh Certificate of Incorporation consequent to Conversion was issued on July 10, 2026, by the Registrar of Companies, Central Processing Centre. The Corporate Identification Number of the Company is U51909KL2014PLC036043.

Registered Office: Door No. Old No 28/73-A, G-63 (New Door No. 55/849/A), Elders Forum Road, Panampilly Nagar, Ernakulam, Kerala – 682036.
Tel No: +91 99958 00798; **E-mail:** cs@alpsd.com ; **Website:** www.alpsd.com **Contact Person:** Ebin Varghese, Company Secretary & Compliance Officer

PROMOTERS OF OUR COMPANY: GEORGE THOMAS AND GEELA GEORGE

DETAILS OF THE ISSUE

INITIAL PUBLIC OFFER OF UPTO 48,09,600 EQUITY SHARES OF FACE VALUE OF ₹ 10/- EACH (THE "EQUITY SHARES") OF ALPS DIGITAL DEVICES LIMITED ("OUR COMPANY" OR "THE ISSUER") AT AN ISSUE PRICE OF ₹[•] PER EQUITY SHARE (INCLUDING SHARE PREMIUM OF ₹[•] PER EQUITY SHARE) FOR CASH, AGGREGATING UP TO ₹[•] LAKHS ("PUBLIC ISSUE") OUT OF WHICH [•] EQUITY SHARES OF FACE VALUE OF ₹10 EACH, AT AN ISSUE PRICE OF ₹[•] PER EQUITY SHARE FOR CASH, AGGREGATING ₹[•] LAKHS WILL BE RESERVED FOR SUBSCRIPTION BY THE MARKET MAKER TO THE ISSUE (THE "MARKET MAKER RESERVATION PORTION"). THE PUBLIC ISSUE LESS MARKET MAKER RESERVATION PORTION I.E. ISSUE OF [•] EQUITY SHARES OF FACE VALUE OF ₹10/- EACH, AT AN ISSUE PRICE OF ₹[•] PER EQUITY SHARE FOR CASH, AGGREGATING UPTO ₹[•] LAKHS IS HEREIN AFTER REFERRED TO AS THE "NET ISSUE". THE PUBLIC ISSUE AND NET ISSUE WILL CONSTITUTE [•] % AND [•] % RESPECTIVELY OF THE POST- ISSUE PAID-UP EQUITY SHARE CAPITAL OF OUR COMPANY.

THE PRICE BAND AND THE MINIMUM BID LOT WILL BE DECIDED BY OUR COMPANY IN CONSULTATION WITH THE BRLMS AND WILL BE ADVERTISED IN ALL EDITION OF [•] (A WIDELY CIRCULATED ENGLISH NATIONAL DAILY NEWSPAPER) AND ALL EDITION OF [•] (A WIDELY CIRCULATED HINDI NATIONAL DAILY NEWSPAPER, AND MALAYALAM EDITION OF [•] , REGIONAL NEWSPAPER (MALAYALAM BEING THE REGIONAL OF KOCHI, WHERE OUR REGISTERED OFFICE IS LOCATED), AT LEAST TWO WORKING DAYS PRIOR TO THE BID/ISSUE OPENING DATE AND SHALL BE MADE AVAILABLE TO THE SME PLATFORM OF NSE ("NSE EMERGE") FOR THE PURPOSES OF UPLOADING ON THEIR WEBSITE IN ACCORDANCE WITH THE SEBI ICDR REGULATIONS. FOR FURTHER DETAILS KINDLY REFER TO CHAPTER TITLED "TERMS OF THE ISSUE" BEGINNING ON PAGE NO. 286 OF THE DRAFT RED HERRING PROSPECTUS.

In case of any revision to the Price Band, the Bid/Issue Period shall be extended by at least three additional Working Days following such revision of the Price Band, subject to the Bid/Issue Period not exceeding 10 Working Days. In cases of force majeure, banking strike or similar circumstances, our Company may, in consultation with the Book Running Lead Managers, for reasons to be recorded in writing, extend the Bid/Issue Period for a minimum of one Working Day, subject to the Bid/Issue Period not exceeding 10 Working Days. Any revision in the Price Band and the revised Bid/Issue Period, if applicable, shall be widely disseminated by notification to the Stock Exchanges, by issuing a press release, and also by indicating the change on the respective websites of the Book Running Lead Managers and at the terminals of the Syndicate Members and by intimation to Self-Certified Syndicate Banks ("SCSBs"), other Designated Intermediaries and the Sponsor Bank(s), as applicable.

The Issue is being made through the Book Building Process, in terms of Rule 19(2)(b) of the Securities Contracts (Regulation) Rules, 1957, as amended ("SCRR") read with Regulation 253 of the SEBI ICDR Regulations, as amended, wherein not more than 50% of the Net Issue shall be allocated on a proportionate basis to Qualified Institutional Buyers ("QIBs", the "QIB Portion"), provided that our Company may, in consultation with the Book Running Lead Managers, allocate up to 60% of the QIB Portion to Anchor Investors on a discretionary basis in accordance with the SEBI ICDR Regulations (**"Anchor Investor Portion"**), of which, 40% shall be reserved in the following manner: (i) 33.33% shall be available for allocation to domestic Mutual Funds, and (ii) 6.67% shall be available for Life Insurance Companies and Pension Funds, subject to valid Bids being received from domestic Mutual Funds, Life Insurance Companies and Pension Funds at or above the Anchor Investor Allocation Price. In the event of under-subscription in (ii) above, the allocation may be made to domestic Mutual Funds. In the event of under-subscription, or non-allocation in the Anchor Investor Portion, the balance Equity Shares shall be added to the QIB Portion (other than Anchor Investor Portion) (**"Net QIB Portion"**). Further, 5% of the Net QIB Portion shall be available for allocation on a proportionate basis only to Mutual Funds, and the remainder of the Net QIB Portion shall be available for allocation on a proportionate basis to all QIBs, including Mutual Funds, subject to valid Bids being received at or above the Issue Price. However, if the aggregate demand from Mutual Funds is less than 5% of the Net QIB Portion, the balance Equity Shares available for allocation in the Mutual Fund Portion will be added to the remaining Net QIB Portion for proportionate allocation to QIBs. Further, not less than 15% of the Net Issue shall be available for allocation on a proportionate basis to Non-Institutional Bidders out of which (a) one third of such portion was reserved for applicants with application size of more than 2 lots and up to such lots equivalent to not more than ₹ 10 lakhs and (b) two-third of such portion was reserved for applicants with application size of more than ₹ 10 lakhs provided that the unsubscribed portion in either of such subcategories could have been allocated to applicants in the other sub-category of Non-Institutional Bidders and not less than 35% of the Net Issue shall be available for allocation to Individual Bidders in accordance with the SEBI ICDR Regulations, subject to valid Bids being received at or above the Issue Price. All potential Bidders (except Anchor Investors) are required to mandatorily utilize the Application Supported by Blocked Amount ("ASBA") process providing details of their respective ASBA accounts, and UPI ID in case of IBs using the UPI Mechanism, if applicable, in which the corresponding Bid Amounts will be blocked by the SCSBs or by the Sponsor Bank under the UPI Mechanism, as the case may be, to the extent of respective Bid Amounts. Anchor Investors are not permitted to participate in the Issue through the ASBA process. For details, see **"Issue Procedure"** beginning on Page 298 of this Draft Red Herring Prospectus.

The public announcement is being made in compliance with the Regulation 247(2) of Chapter IX of SEBI (ICDR) Regulation, to inform the public that our Company is proposing to undertake, subject to applicable statutory and regulatory requirements, receipt of requisite approvals, market conditions and other considerations to an initial public offering of its Equity Shares of face value of ₹10/- each pursuant to the Issue and Draft Red Herring Prospectus dated September 30, 2026, which has been filed with the SME Platform of National Stock Exchange of India Limited (**"NSE EMERGE"**) on September 30, 2026.

The Draft Red Herring Prospectus filed with the NSE EMERGE shall be made available to the public for comments, if any, for a period of at least 21 days, from the date of such filing by hosting it on the website of the NSE EMERGE at https://www.nseindia.com/companies-listing/corporate-filings-offer-documents and the website of the Company at www.alpsd.com and at the website of the BRLMs i.e. Indcap Advisors Private Limited at www.indcap.in and Hem Securities Limited at www.hemsecurities.com. Our Company invites the public to give their comments on the Draft Red Herring Prospectus filed with the with respect to disclosures made in the Draft Red Herring Prospectus The public is requested to send a copy of their comments, to Company Secretary and Compliance Officer of our Company and/or the BRLMs at their respective addresses mentioned below. All comments must be received by our Company and/or Company Secretary and Compliance Officer of our Company and/or the BRLMs in relation to the issue on or before 5 p.m. on the 21st day from the aforesaid date of filing of the Draft Red Herring Prospectus with NSE EMERGE.

Investments in Equity and Equity-related securities involve a degree of risk and investors should not invest any funds in this Issue unless they can afford to take the risk of losing their entire investment. Investors are advised to read the risk factors carefully before taking an investment decision in the Issue. For taking an investment decision, investors must rely on their own examination of our Company and the Issue including the risks involved. The Equity Shares issued in the Issue have not been recommended or approved by the Securities and Exchange Board of India ("SEBI"), nor does SEBI guarantee the accuracy or adequacy of the Draft Red Herring Prospectus. Specific attention of the investors is invited of the section titled **"Risk Factors"** beginning on page 21 of the Draft Red Herring Prospectus.

Any decision to invest in the equity shares described in the Draft Red Herring Prospectus may only be taken after a Red Herring Prospectus has been filed with the ROC and must be made solely on the basis of such Red Herring Prospectus as there may be material changes in the Red Herring Prospectus from the Draft Red Herring Prospectus. The equity shares, when issued through the Red Herring Prospectus, are proposed to be listed on the SME Platform of National Stock Exchange of India Limited (**"NSE EMERGE"**). For details of the share capital and capital structure of our Company and the names of the signatories to the Memorandum of Association and the number of shares subscribed by them of our Company, see **"Capital Structure"** beginning on page 69 of the Draft Red Herring Prospectus. The liability of the members of our Company is limited. For details of the main objects of our Company as contained in our Memorandum of Association, see **"History and Certain Corporate Matters"** beginning on page 169 of the Draft Red Herring Prospectus.

BOOK RUNNING LEAD MANAGERS TO THE ISSUE

Indcap Advisors
Enabling Growth | Creating Value

Indcap Advisors Private Limited
Address: Suite 1201, 12th Floor, Aurora Waterfront, GN 34/1, Sector 5, Salt Lake City, Kolkata – 700091 West Bengal, India
Telephone: +91 33 4069 8001
Email ID: smeipo@indcap.in
Website: www.indcap.in
Investor Grievance E-mail: investors@indcap.in
Contact Person: Ravi Prakash Mundhra
SEBI Registration Number: INM000013031

Hem Securities

Hem Securities Limited
Address: 904, A Wing, Naman Midtown, Senapati Bapat Marg, Elphinstone Road, Lower Parel, Mumbai-400013, Maharashtra, India
Tel: +91 22 4906 0000
E-mail: ib@hemsecurities.com
Investor grievance e-mail: redressal@hemsecurities.com
Contact Person: Roshni Lahoti
Website: www.hemsecurities.com
SEBI registration number: INM000010981

REGISTRAR TO THE ISSUE

CAMEO

Cameo Corporate Services Limited
Address: Subramanian Building', No.1, Club House Road, Chennai 600 002, India
Tel No: 044 - 40020700/ 28460390
E-mail: priya@cameoindia.com
Investor grievance e-mail: investor@cameoindia.com
Contact Person: K Sreepriya
Website: www.cameoindia.com
SEBI Registration: INR000003753
CIN: U67120TN1998PLC041613

COMPANY SECRETARY & COMPLIANCE OFFICER

Ebin Varghese
ALPS DIGITAL DEVICES LIMITED
Address: Door No. Old No 28/73-A, G-63 (New Door No. 55/849/A), Elders Forum Road, Panampilly Nagar, Ernakulam, Kerala – 682036.
Tel No: +91 99958 00798, **E-mail:** cs@alpsd.com, **Website:** www.alpsd.com

All capitalized terms used herein and not specifically defined shall have the same meaning as ascribed to them in the Draft Red Herring Prospectus.

On behalf of Board of Directors
FOR ALPS DIGITAL DEVICES LIMITED
(Formerly known as Alps Digital Devices Private Limited & Alps Distributors Private Limited)
Sd/-
EBIN VARGHESE
Designation: Company Secretary & Compliance Officer

Date: October 1, 2026
Place: Kochi, Kerala

ALPS DIGITAL DEVICES LIMITED is proposing, subject to applicable statutory and regulatory requirements receipt of requisite approvals, market conditions and other considerations, to make an initial public offer of its Equity Shares and has filed the Draft Red Herring Prospectus dated September 30, 2026. The Draft Red Herring Prospectus shall be available on the website of the NSE EMERGE at https://www.nseindia.com/companies-listing/corporate-filings-offer-documents and is available on website of the Company i.e. www.alpsd.com, website of the BRLMs to the Issue, Indcap Advisors Private Limited at www.indcap.in and Hem Securities Limited at www.hemsecurities.com. Any potential investors should note that investment in equity shares involves a high degree of risk and for details relating to such risks, please see the section entitled **'Risk Factors"** on page 21 of the Draft Red Herring Prospectus. Potential investors should not rely on the Draft Red Herring Prospectus for making any investment decision.

The Equity Shares have not been and will not be registered under the U.S. Securities Act of 1933, as amended (the **"Securities Act"**) or any state securities laws in the United States, and unless so registered, and may not be issued or sold within the United States, except pursuant to an exemption from, or in a transaction not subject to, the registration requirements of the Securities Act and in accordance with any applicable U.S. State Securities laws. The Equity Shares are being issued and sold outside the United States in 'offshore transactions' in reliance on Regulation "S" under the Securities Act and the applicable laws of each jurisdiction where such issues and sales are made. There will be no public offering in the United States.